DESPATCHED
On 06/05/2020

31/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2561603, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.131(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.789/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സെബാസ്റ്റ്യൻ ജോർജ്ജ്,
ഞാറത്തടത്തിൽ ബിൽഡിംഗ്,
മുട്ടുച്ചിറ പി.ഒ., മൈലാടുംപാറ,
കോട്ടയം ജില്ല.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് ഡയറക്ടർ (മോണിട്ടറിംഗ്),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം – 33.

2. അപ്പീൽ അധികാരി &
ചീഫ് എഞ്ചിനീയർ,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം – 33.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ടിയാന്റെ സർവീസ് സംബന്ധമായ ചില വിവരങ്ങൾ അറിയുന്നതിന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നിയമപരമായതോ, കൃത്യമായതോ ആയ മറുപടി ലഭിച്ചില്ലെന്നു പരാതിപ്പെട്ടാണ് ടിയാൻ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിക്കുന്ന ജിയോടെക് അറ്റാച്ച്മെന്റ് കടൽ ഭിത്തി നിർമ്മാണം എന്ന പേരിൽ ഒരു പദ്ധതി ഒന്നാം എതിർകക്ഷിയുടെ ഓഫീസുമായി ബന്ധപ്പെട്ട് നിലവില്ലാത്തതാണെന്നും, അതു കൊണ്ടാണ് വിവരങ്ങൾ ലഭ്യമല്ല എന്ന മറപടി നൽകിയതെന്നും ടിയാൻ ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഇതിൽ നിന്ന് ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു.

5. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 31–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.